## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3556 — 20.06.2018 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദവിവരം നൽകാമോ; | (എ) | 'ആർദ്രം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് താഴെപ്പറയുന്ന രീതിയിലുള്ള പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.<br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക.<br>• ജില്ല/താലൂക്ക് തല ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സേവനങ്ങളോടെ നിശ്ചിത മാനദണ്ഡങ്ങളോടെ ശക്തിപ്പെടുത്തുക<br>• പ്രധാന ഗവൺമെന്റ് ആശുപത്രികളിൽ ഒ.പി.വിഭാഗത്തിലെ സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടി.<br>• ചികിത്സാ മാർഗ്ഗ രേഖകളുടെയും, പ്രോട്ടോകോളുകളുടെയും അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ചികിത്സ ലഭ്യമാക്കുക.<br><u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങള കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക.</u><br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2017-18 കാലയളവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 14.06.2018 വരെ 144 എണ്ണത്തിന്റെ വർക്കുകൾ പൂർത്തീകരിച്ച് 85 എണ്ണം ഉദ്ഘാടനം കഴിഞ്ഞ് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 17 |

എണ്ണത്തിന്റെ വർക്കുകൾ നടന്നു വരികയാണ്. 9 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തികൾക്ക് അടിസ്ഥാന സൗകര്യത്തിന്റെ കുറവുമൂലം താമസം നേരിടുന്നുണ്ട്. ഈ പ്രവർത്തികൾക്ക് എൻ.എച്ച്.എം.വഴി അംഗീകൃത ഏജൻസികൾ മുഖാന്തിരമാണ് നടന്നു വരുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കെല്ലാമായി 830 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒ.പി.കൂടുതലുള്ള ഇടങ്ങളിൽ ഒരു ഫാർമസിസ്റ്റ് എന്നിങ്ങനെയാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് വേണ്ട ലാബ് ഉപകരണങ്ങളും ആശുപത്രി ഉപകരണങ്ങളും (കെ.എം.എസ്.സി.എൽ. വഴി) ലഭ്യമാക്കിയിട്ടുണ്ട്.

ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ താലൂക്ക് തല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി ഒ.പി.വിഭാഗങ്ങൾ സൗഹൃദമാക്കുന്നതിന്റെ നടപടികൾ, ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ (അധിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ഡോക്ടർമാർ ഉൾപ്പടെ വിവിധ വിഭാഗം ജീവനക്കാരെ നിയമിക്കൽ). തെരെഞ്ഞെടുക്കപ്പെട്ട 17 ജില്ലാതല ആശുപത്രികളിലും 75 താലൂക്ക്തല ആശുപത്രികളിലും പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി ജി.ഒ.(എം.എസ്) നം.101/2017/ആ.ക.വ. തീയതി 28.06.2017 പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ 197 തസ്തികയും ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 ന്റെ 84 തസ്തികയും ജി.ഒ(എം.എസ്.)നം.136/2017/ആ.കു 23.09.2017 പ്രകാരം വിവിധ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റികളിലും വിവിധ തസ്തികകളിലായി 610 അധിക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.

സൂപ്പർ സ്പെഷ്യാലിറ്റികളുടെ വിപുലീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവയ്ക്കായി 505 ലക്ഷം രൂപ 05.10.2017-ലെ

സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി.

ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തിയും സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ് എം.പി./എം.എൽ.എ.ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ഇവയുടെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളെ ചുമതലപ്പെടുത്തി 15 സ്ഥാപനങ്ങൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

കിഫ്ബി മുഖേനയുള്ള 10 കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റ് ആരോഗ്യ വകുപ്പിൽ 8-ഉം മെഡിക്കൽ കോളേജിൽ 2-ഉം) ഭരണാനുമതി നൽകിയിട്ടുണ്ട്. താലൂക്ക് ആശുപത്രിയിൽ 44 ഡയാലിസിസ് സെന്ററുകൾക്ക് 69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റിന് 80 കോടി രൂപയുടെ അനുമതി നൽകുകയും ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. വഴി പുരോഗമിച്ചു വരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

നബാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. താലൂക്ക് ആശുപത്രി, വൈത്തിരി | 7 കോടി 50 ലക്ഷം രൂപ |
| 2. താലൂക്ക് ആശുപത്രി, സുൽത്താൻ ബത്തേരി | 25 കോടി |
| 3. താലൂക്ക് ആശുപത്രി, കോട്ടയം | 23 കോടി 50 ലക്ഷം രൂപ |

നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

<u>ജില്ലാ ആശുപത്രികളുടെ ഒ.പി. പരിവർത്തനം.</u>

ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ 17 ജില്ലാ തല ആശുപത്രികളിലെ ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കൽ 2017-18 സാമ്പത്തിക

| | | | |
|---|---|---|---|
| | | | വർഷത്തിൽ 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതാണ്. ഇ-ഹെൽത്ത് പ്രവർത്തി അടക്കം 24.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇതിൽ നിന്നും 15 കോടി എൻ.എച്ച്.എം.-ന് കൈമാറിയിട്ടുള്ളതുമാണ്. 17 ആശുപത്രികളിൽ 16 എണ്ണത്തിന്റെ ഡി.പി.ആർ.തയ്യാറായി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><u>താലൂക്ക് ആശുപത്രികളിലെ ഒ.പി.പരിവർത്തനം</u><br>2017-18-ൽ 14 താലൂക്ക് ആശുപത്രികൾക്കായി 24 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ധനകാര്യ വകുപ്പ് ഈ തുക E Lams-ൽ ഉൾപ്പെടുത്തുകയുണ്ടായി.<br>2018-19-ലേയ്ക്ക് 14 താലൂക്ക് ആശുപത്രികളെ കൂടി തെരെഞ്ഞെടുക്കുകയും ഈ പ്രവർത്തനങ്ങൾക്കായി 17.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. വഴി ആരംഭിച്ചിട്ടുണ്ട്.<br>ഇ-ഹെൽത്ത് രജിസ്ട്രേഷനും ഡെമോഗ്രാഫിക് ഡാറ്റ ക്യാപ്ച്ചറിംഗ് പ്രവർത്തനങ്ങളും 12 ജില്ലകളിൽ പുരോഗമിക്കുന്നു. |
| (ബി) | ഈ പദ്ധതികൾ നടപ്പിലാക്കിയതുമൂലം ആരോഗ്യമേഖലയിൽ വന്നുചേർന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | 'ആർദ്രം പദ്ധതി നടപ്പിലാക്കിയതുമൂലം ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, ലാബ് സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കി പ്രത്യേക ചികിത്സ മാർഗ്ഗരേഖ വഴി ഗുണമേന്മയുള്ള ചികിത്സ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുകയും അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സേവനം മെച്ചപ്പെടുത്തിയും വരുന്നുണ്ട്. ആസ്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക്, ഡിപ്രഷനും, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക് എന്നിവയും, സബ്സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും, ഫീൽഡ് പ്രദേശങ്ങളിലേക്കുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റീച്ച് പ്രോഗ്രാമുകളും കൂടുതലായി നടത്തി വരുന്നുണ്ട്.<br><br>ജില്ലാ താലൂക്ക് തലങ്ങളിലെ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുക, നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുക, ഇവിടുത്തെ സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നിവയും ലക്ഷ്യമിടുന്നു.<br><br>സ്വാകര്യ ആശുപത്രികളിൽ ലഭ്യമാകുന്ന ആധുനിക നിലവാരത്തിലുള്ള പരിശോധനകൾ, വിശ്രമമുറികൾ, അത്യാഹിത വിഭാഗം, ഐ.പി.വിഭാഗം, പ്രസവ മുറി, ലബോറട്ടറികൾ എന്നീ സൗകര്യങ്ങളും ഈ പദ്ധതിയിലൂടെ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി.വിഭാഗത്തിലെ തിരക്ക് ഒഴിവാക്കി ഫലവത്തായ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന തരത്തിൽ ടോക്കൺ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ